രുന്നു. ഇൻഡ്യയിലെ പ്രമുഖ രാഷ്ട്രീയക്കാരൊക്കെ ഡോക്ടർമാരാണ്. അതുകൊണ്ട് ഡോക്ടർമാർ രാഷ്ട്രീയത്തിൽ വരുന്നത് രാഷ്ട്രീയത്തിന്റെ ചില ചികിത്സയ്ക്ക് ആവശ്യമുണ്ടായി വരുമ്പോൾ പ്രയോജനപ്പെടുമെന്നതുകൊണ്ട് നിഷേധിക്കാൻ കഴിയില്ല.

ശ്രീ. എം.വി. ജയരാജൻ : സർ, ആയുർവേദ ചികിത്സതേടി സംസ്ഥാനത്തിനു വെളിയിൽനിന്നും, രാജ്യത്തിനു വെളിയിൽനിന്നും ധാരാളം ആളുകൾ ഇങ്ങോട്ടുവരികയാണ്. പിഴിച്ചിൽ ഉൾപ്പെടെയുള്ള ഈ ചികിത്സാ രീതിയോടുള്ള ആഭിമുഖ്യംകൊണ്ടാണ് പുറത്തുനിന്നും ആളുകൾ വരുന്നത്. അതുകൊണ്ട് കേരളത്തിനു വെളിയിൽ ഡൽഹിയിലും, ബോംബെയിലും, മദ്രാസിലുമൊക്കെ പൂജപ്പുര മാതൃകയിൽ ആയുർവേദ സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരംഭിക്കാൻ കഴിഞ്ഞാൽ അത് സാമ്പത്തികമായി പ്രയാസം ഉണ്ടാക്കുന്നതല്ല, സാമ്പത്തികമായിട്ടുതന്നെ മെച്ചം ഉണ്ടാക്കാൻ കഴിയുന്നതാണ്. അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, പുതിയ നിർദ്ദേശമാണ്, തീർച്ചയായും പരിശോധിക്കാം. കാരണം സുഖ ചികിത്സയ്ക്ക് ഇപ്പോൾ ആയുർവേദത്തെ ആശ്രയിക്കുന്ന സ്ഥിതി ലോകത്ത് എമ്പാടുമുണ്ട്. അമേരിക്കയെപോലെയുള്ള രാജ്യങ്ങളിൽ ചികിത്സയുടെ ചില പ്രത്യാഘാതങ്ങൾവഴി സമാന്തര ചികിത്സയ്ക്കുവേണ്ടിയുള്ള അന്വേഷണം തുടങ്ങിയിട്ടുണ്ട്. ആ അന്വേഷണത്തിൽ ആയുർവേദംകൂടി ഉൾപ്പെടുത്തിക്കാനുള്ള ശ്രമത്തിലാണ് നാം.

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരുപാട് ആശുപത്രികളുടെ ലിസ്റ്റ് പറഞ്ഞു. കെട്ടിടം പൂർത്തിയാക്കിയിട്ടിരിക്കുന്ന ആശുപത്രികൾ ഉണ്ട്. ഉദാഹരണമായിട്ട് പിറവത്ത് 50 ബെഡ്ഡ് ഉള്ള ഒരു ആശുപത്രി പണിതീർത്തിട്ട് രണ്ടു വർഷം കഴിഞ്ഞു. ഏതാനും പോസ്റ്റ് ക്രിയേറ്റു ചെയ്യാത്തതുകൊണ്ട് ഇതുവരെ ആ ആശുപത്രി ഫങ്ഷൻ ചെയ്യാൻ കഴിയുന്നില്ല. അമ്പത് ബെഡ്ഡുള്ള ആയുർവേദാശുപത്രിയാണ്. അങ്ങനെയുള്ള ആശുപത്രികൾ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു, കെട്ടിടങ്ങൾ ഉണ്ടാക്കി, തസ്തിക അനുവദിച്ചില്ല, അമ്പത് കിടക്കകൾ ഉണ്ടെങ്കിൽ ചുരുങ്ങിയത് അഞ്ചു ഡോക്ടർമാർ വരെ വേണം. കെട്ടിടമുണ്ടാക്കി, എങ്ങനെ ആ കെട്ടിടമുണ്ടായി എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതുകൊണ്ട്, അങ്ങനെയാണ് കേരളത്തിൽ കെട്ടിടങ്ങൾ ഉണ്ടാകുന്നത് എന്നൊരു വസ്തുത ഉണ്ട്. ആ വസ്തുതയിൽനിന്ന് മാറാനാണ് ഇപ്പോൾ പഞ്ചായത്തുകൾ ശ്രമിക്കുന്നത്. അങ്ങനെയുണ്ടായി എന്നും, ആ ഉണ്ടായതിന്റെ ഭവിഷ്യത്ത് അനുഭവിക്കുന്നതുകൊണ്ടും പരിഹരിക്കാമെന്നു ഞാൻ പറഞ്ഞു, ലഭ്യതയനുസരിച്ച് ഞാൻ ചെയ്യാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*284) വനിതാ പോലീസ് നിയമനം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ :

ശ്രീമതി എൻ.കെ. രാധ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസിന്റെ അംഗസംഖ്യ കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കഴിഞ്ഞ മൂന്നുവർഷമായി എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസിന്റെ അംഗസംഖ്യ ഇപ്പോൾ എത്ര ശതമാനമാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന വനിതാ പോലീസ് സേനയിലേക്ക് ആദ്യമായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തത് എപ്പോഴാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്കു പുറമേ വനിതാ സബ് ഇൻസ്പെക്ടർ തസ്തികയിലേക്കും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് ഉദ്ദേശമുണ്ടോ;

(എഫ്) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ജി) വനിതാ പോലീസ് സേനയിൽ കോൺസ്റ്റബിൾ, സബ് ഇൻസ്പെക്ടർ തസ്തികകളിലേക്ക് എത്ര വീതം നിയമനം നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(എച്ച്) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസിന്റെ പ്രാതിനിധ്യം നിലവിലുള്ള രണ്ട് ശതമാനത്തിൽനിന്നും 10 ശതമാനമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയപരമായി തീരുമാനം കൈക്കൊള്ളുകയും ആദ്യപടിയായി 902 വനിതാ പോലീസ് കോൺസ്റ്റബിൾമാരെ റിക്രൂട്ട് ചെയ്യുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെടുകയും അതനുസരിച്ച് റിക്രൂട്ട്മെന്റ് നടപടികൾ നടന്നുവരികയുമാണ്. കൂടാതെ നിലവിലുള്ള വനിതാ സെല്ലുകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 14 വനിതാ സർക്കിൾ ഇൻസ്പെക്ടർ, 28 വനിതാ സബ്ഇൻസ്പെക്ടർ, 14 വനിതാ ഹെഡ്കോൺസ്റ്റബിൾ, 56 വനിതാ കോൺസ്റ്റബിൾ എന്നീ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) വനിതാ പോലീസിന്റെ അംഗസംഖ്യ ഇപ്പോൾ ആകെ സേനാബലത്തിന്റെ രണ്ടു ശതമാനത്തോളം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനു മുമ്പേ തന്നെ തിരുവിതാംകൂറിലും തിരുകൊച്ചിയിലും വനിതാ പോലീസ് നിലവിലുണ്ടായിരുന്നു.

(ഇ)&(എഫ്) ഉണ്ട്.

ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച് വിഭാഗത്തിലേയ്ക്ക് വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് തെരഞ്ഞെടുക്കണമെന്നുള്ളകാര്യം പരിഗണയിലുണ്ട്. ഇതു സംബന്ധിച്ച നടപടികളെടുത്തുവരുന്നു.

(ജി) പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം 10 ശതമാനമാക്കി ഉയർത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനായി നിലവിലുള്ളവർക്ക് പുറമെ 3500-ഓളം വനിതകളെ കോൺസ്റ്റബിൾമാരായി റിക്രൂട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്നു. അതിന്റെ ആദ്യപടിയായി വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് 902 പേരെ റിക്രൂട്ട് ചെയ്യുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ടു നിയമനം നടത്തുന്നതിലേക്കായി നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച്) സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു സിറ്റികളിലും വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. 17 പോലീസ് ജില്ലാ ആസ്ഥാനങ്ങളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പിയുടെ ചുമതലയിൽ വനിതാ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് പോലീസ് സ്റ്റേഷനോടനുബന്ധിച്ച് ഓരോ വനിതാ യൂണിറ്റും പ്രവർത്തിച്ചുവരുന്നുണ്ട്. വനിതാ പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

5 (*285) റേഷൻ സബ്സിഡി നയം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സബ്സിഡി പരിമിതപ്പെടുത്തുന്നതിനോ വെട്ടിക്കുറയ്ക്കുന്നതിനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റേഷൻ സബ്സിഡി നൽകുന്നതിന് എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്രപേർക്ക് റേഷൻ സബ്സിഡി നൽകുന്നുണ്ട് എന്ന് അറിയിക്കുമോ;

(ഇ) സബ്സിഡി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly